**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3978** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യവസ്തുക്കളുടെ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തിനും സംരക്ഷണത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വിശദമാക്കാമോ; | (എ) | നിലവിൽ ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും, സംരക്ഷണവും നിർവഹിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനെയാണ്. എഫ്.സി.ഐ/ സി.എം.ആർ മില്ലുകളിൽ നിന്ന് വിട്ടെടുത്ത ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയുടെ ഇന്റർമീഡിയറി ഗോഡൗണുകളിൽ സംഭരിച്ചാണ് റേഷൻ കടകളിലേക്ക് വാതിൽപ്പടി വിതരണം നടത്തുന്നത്. ടി ഇന്റർമീഡിയറി ഗോഡൗണുകൾ സുരക്ഷിതമായി ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിന് പര്യാപ്തമാണ്. അശാസ്ത്രീയമായ ഇന്റർമീഡിയറി ഗോഡൗണുകൾക്ക് പകരമായി ശാസ്ത്രീയ ഗോഡൗണുകൾ കണ്ടെത്തി സുരക്ഷിതമായി ഭക്ഷ്യ ധാന്യങ്ങൾ സൂക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | 2022-2027 പഞ്ചവത്സര പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ എൻ.എഫ്.എസ്.എ ഗോഡൗണുകൾ നിർമ്മിക്കുവാൻ ലക്ഷ്യമിടുന്നു. ടി പദ്ധതിക്കായി ഏകദേശം 498 കോടി രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. റേഷൻ കടകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കർഷകരിൽ നിന്നും ഭക്ഷ്യ യോഗ്യമായ നാണ്യവിളകൾ സംഭരിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം നടത്തുന്നതിനും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ